# അഹിംസയുടെ ജനശക്തി പടർത്തുക

**വി. അശോകകുമാർ**
(എഡിറ്റർ, ഒരേ ഭൂമി ഒരേ ജീവൻ മാസിക)

**കേരളത്തിലെ** സമാന്തര മാസികകളുടെ പ്രകൃതത്തിൽ ഒരു മാറ്റമുണ്ടായത് 1990കളുടെ മധ്യത്തോടെയാണ്. സാഹിത്യസംബന്ധിയായ രചനകളെയും അത്തരം എഴുത്തുകാരെയും വിട്ട് പരിസ്ഥിതിയിലേക്കും ജീവിതത്തിലേക്കും കണ്ണുതുറക്കുന്ന ചില മാസികകൾ അക്കാലത്ത് വന്നു. മുഖ്യധാരയായാലും സമാന്തരമായാലും അവ ഒരേപോലെ പിൻതുടരുന്ന ആധുനികത്വത്തിന്റെ മാസികാമാതൃകകളെ ഈ മാസികകൾ മറികടന്നു. വ്യക്തിനിഷ്ഠമായ ആസ്വാദനലഹരിക്കപ്പുറത്തേക്ക്-കർമ്മങ്ങളിലേക്ക് ഇവ വായനക്കാരെ വിളിക്കുന്നുണ്ട്. വായനയെന്നത് അതിൽതന്നെ സായൂജ്യംകൊള്ളുന്ന അനുഷ്ഠാനം എന്നതിൽനിന്ന്, വീണ്ടെടുക്കുന്നതിന്റെയും പുതുക്കിയെടുക്കുന്നതിന്റെയും കളരിയായി മാറുകയാണിവിടെ. ഒരർത്ഥത്തിൽ പാചകക്കുറിപ്പുകൾ പോലെ, ചെയ്തകാര്യങ്ങളും ചെയ്യേണ്ട കാര്യങ്ങളുമാണ് പരിസ്ഥിതി-ജീവിത മാസികകൾ പറയുന്നത്. ജനാധിപത്യത്തിലും യാഥാർത്ഥ്യബോധത്തിലും നിലയുറച്ച ഈ മാസികകളാണ് വികസനത്തിന്റെയും മൂലധനത്തിന്റെയും കാവലിലേയ്ക്കു തിരിയുന്ന ഭരണകൂടത്തിന്റെ ഒരു തലവേദന. അതുകൊണ്ട് തക്കംവരുമ്പോൾ, അക്രമികളുടെ പട്ടികയിൽപെടുത്തി പേടിപ്പിക്കാനും ഒറ്റപ്പെടുത്താനുമാണ് നോക്കുന്നത്. (ഇന്ത്യയിലെ അറിയപ്പെടുന്ന പരിസ്ഥിതി സമരനേതാക്കളെ തീവ്രവാദികളാക്കിയ രഹസ്യാന്വേഷണ റിപ്പോർട്ട് വന്നിട്ട് അധികകാലമായിട്ടില്ല.) വികസന-മൂലധന-ഭരണകൂട ഹിംസയുടെ ഈ ഭീഷണിക്കെതിരെ ജനശക്തിയുടെ അഹിംസാക്കൂട്ടായ്മകൾ വളർത്തിക്കൊണ്ട് ചരാചരപ്രകൃതിയുടെയും അതിനെ ഉപജീവിക്കുന്നവരുടെയും ഒപ്പം നിൽക്കുകയല്ലാതെ മറ്റുവഴിയൊന്നുമില്ല. ■

**കാർട്ടൂൺ** **വി.എസ്. ഗിരീശൻ**

